(എഫ്) കയർ മേഖലയിലെ തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്തുന്നതിനും മേഖലയെ സംരക്ഷിച്ചുപോരുന്നതിനും ഉതകുന്ന ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം കയർപിരി മേഖലയിലെ കുറഞ്ഞ കൂലി 1-3-2014 മുതൽ 300 രൂപയായും ഉൽപ്പന്ന മേഖലയിലെ കുറഞ്ഞ കൂലി 1-3-2013 മുതൽ 360 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. കയർപിരി, ഡീഫൈബറിംഗ് മേഖലയിൽ ക്ഷേമനിധിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു. കയർ മേഖലയ്ക്ക് ആവശ്യമായ ചകിരിയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് നിലവിലുണ്ടായിരുന്ന പദ്ധതിയിൽ സമഗ്രമായ മാറ്റങ്ങൾ വരുത്തി ഒരു പുതിയ പദ്ധതിക്ക് അംഗീകാരം നൽകിക്കഴിഞ്ഞു. ഈ പദ്ധതി നടപ്പാക്കുന്നതിലൂടെ കയർ തൊഴിലാളികൾക്ക് തൊഴിൽ ലഭ്യമാകുന്നതിനും അതുവഴി മെച്ചപ്പെട്ട വരുമാനവും ലഭിക്കുന്നതിനുള്ള സാഹചര്യം ഉണ്ടാകുന്നതാണ്. കയർ സഹകരണ സംഘങ്ങൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പിച്ചു നൽകിയതുമൂലം ഉൽപ്പാദന പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കാൻ സംഘങ്ങൾക്കായിട്ടുണ്ട്.

കയർ വ്യവസായ മേഖലയുടെ വികസനം

187 (1230) ശ്രീ. കോടിയേരി ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ കയർ വ്യവസായ മേഖലയുടെ വികസനത്തിനായി ഈ സർക്കാരിന്റെ പ്രഖ്യാപിത പരിപാടികളിൽ നാളിതുവരെ പൂർണ്ണമായും നടപ്പിലാക്കാൻ സാധിച്ചിട്ടില്ലാത്തവയെ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ; ഇവ എപ്പോൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കുമോ ;

(ബി) ബഡ്ജറ്റിൽ വകയിരുത്തിയ ഇനങ്ങളിലെ പണമുപയോഗിക്കാതെ മിഷൻ 676 പ്രകാരം സർക്കാർ പ്രഖ്യാപിച്ച പദ്ധതികൾക്കും പരിപാടികൾക്കും പ്രത്യേകമായി ഫണ്ട് നല്കുകയുണ്ടായിട്ടുണ്ടോ ; എങ്കിൽ പുതിയ ഏത് ഹെഡ്ഡിൽ എത്ര തുകയാണെന്ന് വിശദമാക്കുമോ ;

(സി) ബഡ്ജറ്റ് നിർദ്ദേശങ്ങളിലും മിഷൻ 676 പദ്ധതിയിലും ഉൾപ്പെടുത്തിയിട്ടും നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്ത പദ്ധതികളും പരിപാടികളും സമയബന്ധിതമായി നടപ്പിലാക്കാൻ തയ്യാറാകുമോ ; അപ്രകാരം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നവയെ സംബന്ധിച്ചുള്ള വിശദാംശം നൽകുമോ ?

993/2018

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) സർക്കാരിന്റെ പ്രഖ്യാപിത പദ്ധതികളിൽ നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തവ സംബന്ധിച്ച് വിശദവിവരങ്ങൾ താഴെ പറയുന്നു :

(1) മാതൃക കയർ ഗ്രാമം : 2012-13 :

2012-13 ബഡ്ജറ്റിൽ പ്രഖ്യാപിച്ച 'മാതൃക കയർ ഗ്രാമം' സ്ഥാപിക്കുന്നതിനുള്ള സൗകര്യപ്രദമായ സ്ഥലം ലഭിക്കാത്തതിനാലാണ് പദ്ധതി നടപ്പിലാക്കാൻ കാലതാമസം നേരിടുന്നത്. ടി പദ്ധതിക്കായി സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(2) കയർ കയറ്റുമതി സംസ്കരണ പാർക്ക് :

കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താൻ ഉദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്കിന് 5 കോടി രൂപ 2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.16 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും 2013-14 വർഷം തുക വകയിരുത്തിയിരുന്നില്ല. മേൽ പദ്ധതിക്ക് 2014-15 വർഷം ഭരണാനുമതി നൽകുകയും ചെയ്തിട്ടുണ്ട്.

(3) കയർ വികസന വകുപ്പിന്റെ ആഭിമുഖ്യത്തിൽ അന്താരാഷ്ട്ര നിലവാരമുള്ള ഒരു സ്ഥിരം എക്സിബിഷൻ സെന്റർ :

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഈ പദ്ധതിക്ക് 2013-14-ലെ ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭ്യമാക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

(4) ഇന്നവേഷൻ ഫണ്ടും ഇൻക്യുബേഷൻ സെല്ലും :

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനു വേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻക്യുബേഷൻ സെല്ലും രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. ഇതിനായി 2013-14 സാമ്പത്തിക വർഷം ബഡ്ജറ്റിൽ തുക വകയിരുത്തിയിരുന്നില്ല. 2014-15 വർഷം മേൽപദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) 676 പ്രകാരം പ്രഖ്യാപിച്ച പദ്ധതികൾക്ക് പ്രത്യേകമായി ഫണ്ട് നൽകിയിട്ടില്ല.

(സി) ബഡ്ജറ്റ്

2013-14 ബഡ്ജറ്റിൽ പ്രഖ്യാപിച്ച കയർ കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ നടത്താനുദ്ദേശിക്കുന്ന കയർ കയറ്റുമതി സംസ്കരണ പാർക്ക് സ്ഥാപിക്കുന്നതിലേയ്ക്കായി 5 കോടി രൂപ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചതിൻ പ്രകാരം 495.00 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി.

2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ എക്സിബിഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള സംരംഭം ആരംഭിക്കുന്നതിന് 1 കോടി രൂപ വകയിരുത്തിയിരുന്നു. സെന്റർ സ്ഥാപിക്കുന്നതിനുള്ള സ്ഥലം ലഭിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ മേഖലയിൽ നൂതനാശയങ്ങൾ പ്രയോജനപ്പെടുത്തി പുതിയ സാങ്കേതിക വിദ്യകളും ഉൽപ്പന്നങ്ങളും വികസിപ്പിക്കുന്നതിനുവേണ്ടി ഒരു ഇന്നവേഷൻ ഫണ്ടും നൂതന ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പുതിയ ബിസിനസ് സംരംഭങ്ങളെ സഹായിക്കുന്നതിനായി കയർ ഇൻക്യൂബേഷൻ സെൽ രൂപീകരിക്കുന്നതാണെന്നും 2013-14 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. 2014-15 വർഷം മേൽ പദ്ധതി വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിച്ച് ആയതിന് ഭരണാനുമതി നൽകി.

മിഷൻ 676 :

നാളികേര വികസനബോർഡുമായി സഹകരിച്ചുള്ള ഒരു പ്രോജക്ടിനും തൊണ്ട് സംഭരിച്ച് ചകിരിയാക്കുന്നതിന് പ്രാദേശികമായ സാഹചര്യങ്ങൾകൂടി ഉൾക്കൊണ്ട് കൂടുതൽ പ്രായോഗികമായ രീതിയിൽ 'തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും' എന്ന ഒരു പുതിയ പദ്ധതിക്കും സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി പൂർണ്ണമായും നടപ്പിൽ വരുത്തുന്നതിനായുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കയർ ഉൽപ്പന്നങ്ങളുടെ ആഭ്യന്തര വിദേശ വിപണികൾ ശക്തിപ്പെടുത്തുന്നതിനായി നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ വിപണന ഗവേഷണ വിഭാഗം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസലിന് അംഗീകാരം നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

ഹോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ ആലപ്പുഴ, കണിച്ചുകുളങ്ങരയിൽ കയർ കോമ്പോസിറ്റ് ഫാക്ടറി പ്രവർത്തനമാരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

കയർ മേഖലയിലെ തൊഴിൽ ദിനങ്ങൾ

188 (1231) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കയർ മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നവർ എത്രയാണെന്ന് വെളിപ്പെടുത്തുമോ ;

(ബി) കയർ മേഖലയ്ക്കുവേണ്ടി താലൂക്കടിസ്ഥാനത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയ മൊത്തം തുക എത്ര ; ഇതിനകം ചെലവഴിക്കപ്പെട്ടത് എത്ര ;

(സി) താലൂക്കടിസ്ഥാനത്തിൽ എത്ര ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട് ;

(ഡി) കഴിഞ്ഞ മൂന്ന് വർഷങ്ങളിൽ ഓരോ വർഷവും കയർ തൊഴിലാളികൾക്ക് നല്കുവാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങളെ സംബന്ധിച്ച വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സഹകരണ മേഖലയിൽ ഏകദേശം 90000-ത്തോളം പേർക്ക് തൊഴിൽ ലഭിക്കുന്നുണ്ട്. സ്വകാര്യ മേഖലയുടെ കണക്ക് ലഭ്യമല്ല.

(ബി) താലൂക്കടിസ്ഥാനത്തിൽ കേന്ദ്ര വിഹിതം ഉൾപ്പെടെ ബഡ്ജറ്റിൽ 1,21,93,90,000 രൂപ വകയിരുത്തിയിട്ടുണ്ട്. 2015 ഫെബ്രുവരി 28 വരെ 49,18,43,970 രൂപ ചെലവഴിക്കപ്പെട്ടിട്ടുണ്ട്.

(സി) സഹകരണ മേഖലയിൽ താലൂക്കടിസ്ഥാനത്തിൽ ശരാശരി 155 ദിവസം തൊഴിൽ ലഭ്യമാക്കുവാൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ മേഖലയിലെ കൃത്യമായ കണക്ക് ലഭ്യമല്ല.

(ഡി) കഴിഞ്ഞ 3 വർഷങ്ങളിൽ സഹകരണ മേഖലയിൽ ഓരോവർഷവും കയർ തൊഴിലാളികൾക്ക് നൽകുവാൻ കഴിഞ്ഞ ശരാശരി തൊഴിൽ ദിനങ്ങൾ താഴെ ചേർക്കുന്നു :

2011-12	-	162
2012-13	-	181
2013-14	-	182

LIBRARY ARCHIVES Kerala Legislative Assembly